**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2586** **17-03-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ സൗഹൃദ സംസ്ഥാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **null**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ; | (എ) | കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ നിക്ഷേപ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വാണിജ്യ വ്യവസായ മേഖലയ്ക്ക് ഉണർവേകുന്നതിനും ഉതകുന്ന ഒട്ടനവധി പദ്ധതികൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത്തന്നെ തുടക്കംകുറിച്ചിരുന്നു. 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതുമാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. മേൽ വിവരിച്ച പ്രകാരം അപേക്ഷയിൻമേൽ പരമാവധി 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം കേന്ദ്ര സർക്കാരിന്റെ എം.എസ്. എം.ഇ നിർവചനമനുസരിച്ച് 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ |

സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്കു സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ 'കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിനു വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായുള്ള ഒരു ഇൻവെസ്റ്റ്മെന്റ് ഫസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System) രൂപീകരിച്ചിട്ടുണ്ട്. നിലവിൽ അഞ്ച് വകുപ്പുകളെ സംയോജിപ്പിച്ചാണ് പ്രസ്തുത കേന്ദ്രീകൃത പരിശോധനാ സംവിധാനം ഒരുക്കിയിട്ടുള്ളത്. ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്, തൊഴിൽ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ പരിശോധനകൾ കേന്ദ്രീകൃതമായി പോർട്ടലിലൂടെ നടത്തും. പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധനകൾ ആവശ്യമായ മറ്റു വകുപ്പുകളെ കൂടി ഈ കേന്ദ്രീകൃത പരിശോധനാ സംവിധാനത്തിൽ സംയോജിപ്പിക്കുന്നതാണ്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടി നിയമപിന്തുണയുള്ള ഒരു പരാതിപരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. 1999 ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചത്. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും

| | | | |
|---|---|---|---|
| | | | യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിരുന്നു. ഇവ ഒഴിവാക്കാനും, കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗങ്ങൾ നിർദേശിക്കാനും ഒരു എക്സ്റ്റേർണൽ കമ്മിറ്റി രൂപവത്ക്കരിച്ചിരുന്നു. വ്യവസായ സമൂഹവും, വിവിധ വ്യവസായ അസ്സോസ്സിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും, കുറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി കഴിഞ്ഞ മാസം അവസാനത്തോടെ സർക്കാർ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. 2022-നെ സംരംഭക വർഷമായി ആചരിക്കാനും, അതിന്റെ ഭാഗമായി ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സ്ഥാപനങ്ങൾ ഈ വർഷം സംസ്ഥാനത്ത് പ്രവർത്തന നിരതമാക്കുവാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പ്, സഹകരണ വകുപ്പ് മന്ത്രിമാരുമായി കൂടിയാലോചനകൾ നടത്തിയിരുന്നു. ഈ വകുപ്പുകളുടെ പങ്കാളിത്തത്തോടെയാണ് മേൽപറഞ്ഞ ലക്ഷ്യം കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനുള്ള വിശദമായ കർമ്മപദ്ധതി തയ്യാറാക്കാൻ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കെ സ്വിഫ്റ്റ് പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്തിട്ടുള്ള ചെറുകിട സംരംഭങ്ങൾക്ക് പെർമനെന്റ് രജിസ്ട്രേഷൻ എടുക്കുന്നതിന് അനുവദിച്ചിട്ടുള്ള കാലാവധി എത്ര വർഷമാണെന്നും അതുവരെ ഇത്തരം സംരംഭങ്ങൾക്ക് എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ; | (ബി) | 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ സുഗമമാക്കൽ നിയമം പ്രകാരം 50 കോടി രൂപയിൽ താഴെ മുതൽ മുടക്കുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്തതുമായ ഏതൊരു വ്യവസായ സംരംഭം തുടങ്ങുന്നതിനും, സംസ്ഥാന നിയമങ്ങൾക്ക് കീഴിൽവരുന്ന ചില അനുമതികൾ എടുക്കുന്നതിൽനിന്നു 3 വർഷത്തെ ഇളവ് അനുവദിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 1960-ലെ കേരള ഷോപ്പ്സ് & കമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട്, 2013-ലെ കേരള ലിഫ്റ്റ് & എസ്കലേറ്റേർസ് ആക്ട്, 1955-ലെ തിരുവിതാംകൂർ കൊച്ചി പബ്ലിക് ഹെൽത്ത് ആക്ട്, 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട് എന്നീ നിയമങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള അനുമതികൾ എടുക്കുന്നതിൽ നിന്നുമാണ് 3 വർഷത്തേയ്ക്ക് ഇളവ് നല്കിയിട്ടുള്ളത്. ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കെ-സ്വിഫ്റ്റ് |

| | | | |
|---|---|---|---|
| | | | വഴി അനുമതിപത്രം ഉടൻ തന്നെ എടുക്കാവുന്നതാണ്. 3 വർഷം കഴിഞ്ഞ് 6 മാസത്തിനുള്ളിൽ മേൽപറഞ്ഞ അനുമതികൾ ലഭ്യമാക്കിയാൽ മതിയാവും. ഇക്കാലയളവിൽ വ്യവസായ സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധനകൾ നടത്തുന്നത് ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സംരംഭങ്ങളുടെ പ്രവർത്തനത്തിന് എന്തെല്ലാം സഹായങ്ങൾ ആണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ലഭിക്കുന്നതെന്നു അറിയിക്കുമോ; | (സി) | 2019 ലെ എം എസ് എം ഈ ഫസിലിറ്റേഷൻ ആക്റ്റ് പ്രകാരം അക്കനോളഡ്ജ്മെന്റ് സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള എല്ലാ ലൈസൻസുകൾക്കും ബദലായി സംരംഭം തുടങ്ങി മൂന്ന് വർഷത്തേയ്ക്ക് ഉപയോഗിക്കാൻ സാധിക്കുന്ന രേഖയാണ്, ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് ലഭിക്കുന്ന എല്ലാ സേവനങ്ങളും ആനുകൂല്യങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഈ സ്ഥാപനങ്ങൾക്ക് ലഭിക്കുന്നതാണ്. |
| (ഡി) | താൽക്കാലിക രജിസ്ട്രേഷൻ സമയത്ത് ഉണ്ടാകുന്ന വീഴ്ചകളുടെ പേരിൽ പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ പരാതി ലഭിക്കുകയോ നടപടി സ്വീകരിക്കേണ്ടതായോ വരികയാണെങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും, ആർക്കാണ് അന്തിമ തീരുമാനമെടുക്കാനുള്ള അധികാരമെന്നും വ്യക്തമാക്കുമോ ? | (ഡി) | താല്കാലിക രജിസ്ട്രേഷൻ സമയത്ത് ഉണ്ടാകുന്ന പേരിലെ അക്ഷരത്തെറ്റ് മുതലായ ചെറിയ വീഴ്ചകൾ ചൂണ്ടിക്കാട്ടി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇതിന്മേൽ തീരുമാനമെടുക്കാനുള്ള അധികാരം അതതു ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്കാണ്. രജിസ്ട്രേഷൻ ലഭിക്കാൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലത്തിൽ മനഃപൂർവ്വമായി തെറ്റായ വിവരം നൽകിയെന്നു തെളിഞ്ഞാൽ അത്തരം സംരംഭത്തിന്റെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും സംരംഭകനെതിരെ അഞ്ചു ലക്ഷം രൂപ വരെ പിഴ ചുമത്താനും കഴിയുന്നതാണ്. ഇത്തരം നടപടികളിൽ അന്തിമതീരുമാനം ചീഫ് സെക്രട്ടറി അധ്യക്ഷനായ കേരള സംസ്ഥാന ഏകജാലക ക്ലിയറൻസ് ബോർഡാണ് എടുക്കുന്നത്. |

സെക്ഷൻ ഓഫീസർ